സഹകരണ സംഘം രജിസ്ട്രാർ ആഫീസ്,
കേരള, തിരുവനന്തപുരം,
തീയതി, 24-7-2008

നം: സി.ബി(1)19811/2008

## സർക്കുലർ നം: 48/2008

വിഷയം:- സഹകരണ വകുപ്പ് - സംസ്ഥാനത്തെ വായ്പാ സഹകരണസംഘങ്ങൾ/ ബാങ്കുകൾ സ്ഥിരനിക്ഷേപങ്ങൾക്ക് നൽകേണ്ട പരമാവധി പലിശനിരക്ക് പുതുക്കി നിശ്ചയിച്ച് നിർദ്ദേശം പുറപ്പെടുവിയ്ക്കുന്നത് - സംബന്ധിച്ച്.

സൂചന:- 1. സഹകരണസംഘം രജിസ്ട്രാറുടെ 22-5-2008 തീയതിയിലെ 33/2008 നമ്പർ സർക്കുലർ.
2. 22-7-2008-ൽ ബഹുമാനപ്പെട്ട സഹകരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ സെൻട്രൽ ബാങ്കുകളുടെ യോഗ തീരുമാനം.

++++

സംസ്ഥാനത്തെ വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ സ്ഥിരനിക്ഷേപങ്ങൾക്ക് നൽകേണ്ട പലിശനിരക്ക് നിശ്ചയിച്ച് സൂചന(1) പ്രകാരം നിർദ്ദേശം പുറപ്പെടുവിച്ചിരുന്നു. സൂചന(2) പ്രകാരം കൂടിയ യോഗത്തിൽ സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ/ബാങ്കുകളിലെയും, വിവിധ പൊതുമേഖല/വാണിജ്യ ബാങ്കുകളിലെയും നിലവിലുള്ള പലിശനിരക്ക് അവലോകനം നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ സഹകരണ സംഘങ്ങൾ/ബാങ്കുകൾ സ്ഥിരനിക്ഷേപങ്ങൾക്ക് നൽകേണ്ട പരമാവധി പലിശനിരക്കുകൾ പരിഷ്ക്കരിക്കുന്നതിന് തീരുമാനിക്കുകയും ചെയ്തു. മേൽ സാഹചര്യത്തിൽ സംസ്ഥാനത്തെ വായ്പാ സഹകരണസംഘങ്ങൾ/ബാങ്കുകൾ സ്ഥിരനിക്ഷേപങ്ങൾക്ക് നൽകേണ്ട പരമാവധി പലിശനിരക്കുകൾ ശതമാനക്കണക്കിൽ ചുവടെ ചേർക്കും പ്രകാരം പുതുക്കി നിശ്ചയിച്ച് ഉത്തരവാകുന്നു.

| ക്രമ നം | നിക്ഷേപങ്ങളുടെ കാലാവധി | സംസ്ഥാന സഹകരണ ബാങ്ക് | | ജില്ലാ സഹകരണ ബാങ്കുകൾ | | പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾ/ സർവ്വീസ് സഹകരണ ബാങ്കുകൾ/അർബൻ സഹകരണ ബാങ്കുകൾ ഉൾപ്പെടെ | |
|---|---|---|---|---|---|---|---|
| | | നിലവിലുള്ളത് | പുതുക്കിയത് | നിലവിലുള്ളത് | പുതുക്കിയത് | നിലവിലുള്ളത് | പുതുക്കിയത് |
| 1 | 15 ദിവസം മുതൽ 45 ദിവസം വരെ | 5.00 | 5.00 | 5.00 | 5.00 | 5.25 | 5.25 |
| 2 | 46 ദിവസം മുതൽ 90 ദിവസം വരെ | 6.00 | 6.00 | 6.00 | 6.00 | 6.25 | 6.25 |

| | | | | | | | |
|---|---|---|---|---|---|---|---|
| 3 | 91 ദിവസം മുതൽ 179 ദിവസം വരെ | 6.00 | 6.00 | 7.00 | 7.00 മുതൽ 7.25 വരെ | 7.25 | 7.50 |
| 4 | 180 ദിവസം മുതൽ 364 ദിവസം വരെ | 7.50 | 7.75 | 7.75 | 7.75 മുതൽ 8.00 വരെ | 8.25 | 8.50 |
| 5 | 1 വർഷം മുതൽ 2 വർഷം വരെ | 8.50 | 8.75 | 9.25 | 9.50 | 9.75 | 9.75 |
| 6 | 2 വർഷവും അതിനു മുകളിൽ 3 വർഷം വരെ | 8.50 | 8.75 | 9.25 | 9.50 | 9.75 | 9.75 |
| 7 | 3 വർഷവും അതിനു മുകളിൽ 5 വർഷം വരെ | 9.00 | 9.00 | 9.25 | 9.50 | 9.75 | 9.75 |
| 8 | 5 വർഷവും അതിനു മുകളിലും | 9.25 | 9.25 | 9.25 | 9.25 | 9.75 | 9.75 |

മേൽ നിരക്കുകൾക്കു പുറമേ മുതിർന്ന പൗരൻമാരുടെ സ്ഥിരനിക്ഷേപങ്ങൾക്ക് ½ ശതമാനം മുതൽ 1 ശതമാനം വരെ അധിക പലിശനിരക്ക് നൽകാവുന്നതാണ്.

ഒപ്പ്/-
റാണി ജോർജ്ജ് ഐ.എ.എസ്
സഹകരണസംഘം രജിസ്ട്രാർ

പകർപ്പ്:-

1. മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന സഹകരണ ബാങ്ക്
2. മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന സഹ. കാർഷിക ഗ്രാമ വികസന ബാങ്ക്
3. ജനറൽ മാനേജർ, എല്ലാ ജില്ലാ സഹകരണ ബാങ്കുകളും
4. എല്ലാ ജില്ലാ ജോയിൻറ് രജിസ്ട്രാർ(ജനറൽ/ആഡിറ്റ്)മാർക്കും
5. ജോയിൻറ് രജിസ്ട്രാർ/കൺകറൻറ് ആഡിറ്റർ, എല്ലാ ജില്ലാ സഹകരണ ബാങ്കുകൾ/സംസ്ഥാന സഹകരണ ബാങ്ക്.
6. എല്ലാ അസിസ്റ്റൻറ് രജിസ്ട്രാർ(ജനറൽ /ആഡിറ്റ്)മാർക്കും(ജോയിൻറ് രജിസ്ട്രാർ മുഖേന)
7. എല്ലാ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/സർവ്വീസ് സഹകരണ ബാങ്കുകൾ/അർബൻ ബാങ്കുകൾ/മറ്റ് കാർഷികേതര വായ്പാ സഹ. സംഘങ്ങൾ/ബാങ്കുകൾ(ജോയിൻറ് രജിസ്ട്രാർമാർ മുഖേന)
8. സെക്രട്ടറി, സംസ്ഥാന സഹകരണ യൂണിയൻ,
9. എഡിറ്റർ, സഹകരണ വീഥി/ സഹകരണ ജേർണൽ(പ്രസിദ്ധീകരണത്തിന്)
10. ഈ ആഫീസിലെ എല്ലാ ആഫീസർമാർക്കും.
11. സ്റ്റോക്ക് ഫയൽ / സ്പെയർ

// ആജ്ഞാനുസരണം //

സഹകരണസംഘം രജിസ്ട്രാർക്ക്